# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1319** **15.6.2012-ൽ മറുപടിക്ക്**

**മാലിന്യ സംസ്കരണത്തിന് സാങ്കേതിക വിദ്യകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, എം. പി. വിൻസെന്റ്<br>,, എ.റ്റി ജോർജ്<br>,, വി.പി. സജീന്ദ്രൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിന് ഏതെല്ലാം സാങ്കേതികവിദ്യകൾ ഉപയോഗിക്കാനാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | എ) | ദേശീയതലത്തിൽ പരസ്യം നൽകി താല്പര്യപത്രം (Expression of Interest) സ്വീകരിച്ച ശേഷം ഡോ.ആർ.വി.ജി. മേനോൻ ചെയർമാനായ എക്സ്പർട്ട് കമ്മിറ്റി പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ബയോമെത്തനേഷൻ, നവീനരീതിയിലുള്ള കമ്പോസ്ററിംഗ്, പൈറോളിസിസ്, ഗ്യാസിഫിക്കേഷൻ തുടങ്ങിയ സാങ്കേതികവിദ്യകൾക്കും അവയുടെ കോമ്പിനേഷനുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. |
| ബി) | ഏത് ഏജൻസിയാണ് ഇതിനായി സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നത്; | ബി) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ശുചിത്വമിഷനാണ് ഇതിനാവശ്യമായ സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നത്. |
| സി) | നഗരസഭകൾക്ക് അനുയോജ്യമായ സാങ്കേതിക വിദ്യയും ഏജൻസിയും തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകുമോ? | സി) | പരിസ്ഥിതിക്ക് കോട്ടം വരാത്തതരത്തിൽ അനുയോജ്യമായ സാങ്കേതികവിദ്യയും ഏജൻസിയും തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നഗരസഭകൾക്കു സാങ്കേതികസഹായവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ